ആലപ്പുഴയെ കിഴക്കിന്റെ വെനീസ് ആക്കാൻ നടപടി

*8 [408] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, ടി. യു. രാധാകൃഷ്ണൻ :
,, തേറമ്പിൽ രാമകൃഷ്ണൻ :
,, വി. ജെ. പൗലോസ് :
,, എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലും അതിനുചുറ്റുമുള്ള തോടുകളും കായലുകളും ശുദ്ധീകരിച്ച് ആകർഷകമാക്കുവാൻ ടൂറിസം വകുപ്പിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ആലപ്പുഴ തീരക്കടലിൽ സമുദ്ര സ്നാനത്തിനും മറ്റ് ജലകേളികൾക്കുമുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ;

(സി) പുന്നമട-പള്ളിത്തുരുത്തി കായലുകളിൽ ജലനിരപ്പ് ഉയരുമ്പോൾ കപ്പവ്വുറം പുഞ്ചനിലത്തിലും ബോട്ടിംഗ്, സൈക്ലിംഗ് മുതലായവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുമോ;

(ഡി) ബോട്ട് ജെട്ടിയിൽ നിന്ന് കടപ്പുറത്തേക്കുള്ള കനാൽ ഉൾപ്പെടെ വിവിധ കനാലുകളിലെ വെള്ളം ശുദ്ധീകരിക്കുന്നതിനും അവയുടെ വശങ്ങളിൽ പൂച്ചെടികൾ വച്ചുപിടിപ്പിച്ച് ആകർഷകമാക്കിയും തോടുകളിൽ ബോട്ടിംഗിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയും ആലപ്പുഴയെ കിഴക്കിന്റെ വെനീസ് ആക്കിത്തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ആലപ്പുഴ പട്ടണത്തിലെ തോടുകളും, കനാലുകളും വൃത്തിയാക്കി വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് 150.25 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ പൂർത്തിയായി വരികയുമാണ്. കായലുകളിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യ നിർമ്മാജ്ജനത്തിനായി ബോട്ട് ടെർമിനലിനോടനുബന്ധിച്ച് ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ഉദ്ദേശ്യമുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആലപ്പുഴ പട്ടണത്തിലെ കനാലുകളുടെ (ബോട്ട് ജെട്ടിയിൽനിന്ന് കടപ്പുറത്തേയ്ക്കുള്ള കനാൽ ഉൾപ്പടെ) വികസനത്തിനും വെള്ളം ശുചീകരണം നടത്തുന്നതിനുമുൾപ്പെടെ വിവിധ പദ്ധതികളിലൂടെ ആലപ്പുഴയെ പ്രധാന ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ആലപ്പുഴക്കുവേണ്ടി പ്രത്യേകം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് മാസ്റ്റർപ്ലാനിൽ രൂപീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടത്. മാസ്റ്റർ പ്ലാനിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് പദ്ധതി നടത്തിപ്പിന് ടൂറിസം വകുപ്പ് നേതൃത്വം നൽകുന്നതാണ്.

നിർദ്ധനരും കിടപ്പാടമില്ലാത്തവരുമായ പിന്നോക്ക-പട്ടിക സമുദായാംഗങ്ങൾക്ക് ക്ഷേമ പദ്ധതി

*9 (409) ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിർദ്ധനരും കിടപ്പാടമില്ലാത്തവരുമായ ഭൂരിപക്ഷം വരുന്ന പിന്നോക്ക-പട്ടിക സമുദായാംഗങ്ങളുടെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ ക്ഷേമത്തിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ തയ്യാറാകുമോ;

(സി) പ്രസ്തുത സമുദായാംഗങ്ങൾക്ക് കൈവശാവകാശ വസ്തുവിൽ വീട് വയ്ക്കുന്നതിനുള്ള അനുമതിയും സാമ്പത്തിക സഹായവും നൽകുമോ;

(ഡി) ഇതിനായി നിലവിലുള്ള വ്യവസ്ഥകൾ ലളിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറ്റ് പിന്നോക്ക സമുദായാംഗങ്ങൾക്ക് വകുപ്പു വഴി പ്രത്യേക ക്ഷേമ പദ്ധതി ഒന്നുമില്ല. കിടപ്പാടമില്ലാത്ത പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) പട്ടിക വർഗ്ഗക്കാർക്ക് അവരുടെ കൈവശവസ്തുവിൽ വീട് വയ്ക്കുന്നതിനുള്ള അനുമതിയും ധനസഹായവും നല്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly